മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 8

# വാർത്താക്കുറിപ്പ്

---

## മാറ്റി വച്ച പരീക്ഷകൾ

മഹാത്മാഗാന്ധി സർവ്വകലാശാല മാറ്റിവച്ച ഡിസംബർ ഏഴിലെ പരീക്ഷകൾ ഡിസംബർ 12 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1721/2022)

## പരീക്ഷാ തീയതി

ബി.ടെക് (2015 മുതലുള്ള അഡ്മിഷൻ സപ്ലിമെൻററി, സീപാസ്) കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ 12 നും രണ്ടാം സെമസ്റ്റർ പരീക്ഷകൾ 2023 ജനുവരി നാലിനും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1722/2022)

## പരീക്ഷയ്ക്ക് അപേക്ഷ നൽകാം

2023 ജനുവരി ഒൻപതിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.വോക് (2021 അഡ്മിഷൻ റഗുലർ,പുതിയ സ്കീം) പരീക്ഷകൾക്ക് അപേക്ഷ നൽകാം.

പിഴയില്ലാതെ ഡിസംബർ 15 മുതൽ 19 വരെയും 555 രൂപ പിഴയോട്ടു കൂടി ഡിസംബർ 20 നും 1105 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 21 നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1723/2022)

## പ്രാക്ടിക്കൽ, വൈവ വോസി

രണ്ടാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (2021 അഡ്മിഷൻ റഗുലർ, 2016,2017,2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ

പ്രാക്ടിക്കൽ, വൈവ വോസി പരീക്ഷ 2023 ജനുവരി 10 മുതൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1724/2022)

## പരീക്ഷാ കേന്ദ്രം

ഡിസംബർ 12 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ., ബി.കോം. (സി.ബി.സി.എസ്., 2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ ഹാജരാകണം.

(പി.ആർ.ഒ./39/1725/2022)

## അപേക്ഷ; സമയപരിധി നീട്ടി

ആറാം സെമസ്റ്റർ ബി.വോക്. (2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി, പുതിയ സ്കീം) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഒൻപതു വരെ അപേക്ഷ നൽകാം. 555 രൂപ പിഴയോടു കൂടി ഡിസംബർ 13 നും 1105 രൂപ സൂപ്പർഫൈനോടെ ഡിസംബർ 14 നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ./39/1726/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**